(ബി) പ്രസ്തുത സ്കൂൾ വക സ്ഥലം ഇവിടെ പ്രവർത്തിക്കുന്ന മത്സ്യ കർഷക ക്ലബിന് നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ഇത് സംബന്ധിച്ച് ലഭിച്ച നിവേദനം സർക്കാർ പരിശോധിച്ചുവരുന്നു.

നിർദ്ധന വിദ്യാർത്ഥികൾക്ക് കേന്ദ്രം അനുവദിച്ച സ്കോളർഷിപ്പ് തുക ലാപ്സായ സാഹചര്യം

30 (2033) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2007-08 വർഷത്തിൽ പിന്നോക്ക സമുദായത്തിൽപ്പെട്ട നിർദ്ധന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പായി നൽകാൻ കേന്ദ്രം അനുവദിച്ച ഏഴേകാൽകോടി രൂപ വിതരണം ചെയ്യാതെ ലാപ്സാക്കി കളയുകയുണ്ടായോ ;

(ബി) ഇക്കാര്യം എ.ജി. ഓഡിറ്റിൽ കണ്ടെത്തുകയുണ്ടായോ ;

(സി) പ്രസ്തുത തുക വിതരണം ചെയ്യാൻ സർക്കാരിന്റെ അനുമതി തേടി പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ കത്ത് നൽകിയിരുന്നോ ;

(ഡി) രണ്ടു വർഷം കഴിഞ്ഞാണ് സർക്കാർ അനുമതി നൽകിയതെന്നും അപ്പോഴേക്കും തുക ലാപ്സായി എന്നും എ.ജി. കണ്ടെത്തുകയുണ്ടായോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) എങ്കിൽ സർക്കാർ ഭാഗത്തുനിന്നുണ്ടായ അനാസ്ഥ കാരണം തുക നഷ്ടപ്പെടാൻ ഇടയായ സാഹചര്യത്തിൽ തുക ഇനിയും ലഭ്യമാകാൻ എന്തൊക്കെ നടപടി സ്വീകരിക്കും ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) തുക ലാപ്സാക്കിയിട്ടില്ല.

(ബി) ടി വർഷങ്ങളിൽ തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നൽകിയിരുന്നു.

(ഡി) തുക ലാപ്സായിട്ടില്ല. 2007-08, 2008-09 വർഷങ്ങളിൽ ലഭിച്ച 722.117 ലക്ഷം രൂപ ഉൾപ്പെടെ 1080 ലക്ഷം രൂപ മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെടുന്ന +1, +2 കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പരിമിതപ്പെടുത്തി സ്കോളർഷിപ്പും ഫീസാനുകൂല്യങ്ങളും നൽകുന്നതിന് അനുവദിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) തുക നഷ്ടപ്പെടുത്തിയിട്ടില്ല. മറ്റു പിന്നോക്ക വിഭാഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ഫീസാനുകൂല്യങ്ങളും നൽകുന്നതിനായി അനുവദിച്ച 1080 ലക്ഷം രൂപ ഈ സാമ്പത്തികവർഷം തന്നെ ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ് പരീക്ഷകൾ യഥാസമയം നടത്താൻ നടപടി

31 (2034) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.ജി.റ്റി.ഇ. പരീക്ഷയുടെ സിലബസ് പരിഷ്ക്കരണവുമായി ബന്ധപ്പെട്ട തീരുമാനം വൈകുന്നതിനാൽ 2011 ഫെബ്രുവരി മാസത്തിൽ നടത്തേണ്ട കെ.ജി.റ്റി.ഇ. ടൈപ്പ്റൈറ്റിംഗ് പരീക്ഷകൾ നടത്താൻ കഴിയില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പരീക്ഷകൾ യഥാസമയം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) സ്വീകരിച്ചിട്ടുണ്ട്. 2011 ഫെബ്രുവരി മാസത്തിൽ നടത്തേണ്ട കെ.ജി.റ്റി.ഇ. ടൈപ്പ്റൈറ്റിംഗ് പരീക്ഷകൾ മുൻ വർഷങ്ങളിലേതുപോലെ തന്നെ നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇൻസ്പയർ എക്സിബിഷനിൽ പ്രോജക്ടുകൾ തയ്യാറാക്കി അവതരിപ്പിക്കുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക്

32 (2035) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പും, പൊതു വിദ്യാഭ്യാസ വകുപ്പും സംയുക്തമായി സംഘടിപ്പിക്കുന്ന ഇൻസ്പെയർ എക്സിബിഷനിൽ ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും പ്രോജക്ടുകൾ തയ്യാറാക്കി അവതരിപ്പിക്കുന്ന വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി.ക്ക് ഗ്രേസ് മാർക്ക് അനുവദിക്കാറുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത വിദ്യാർത്ഥികൾക്കും ഗ്രേസ് മാർക്ക് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly